# കേരള സർക്കാർ

നം.3794/എഎ 1/2015/തസ്വഭവ　　തദ്ദേശ സ്വയം ഭരണ (എഎ)വകുപ്പ്
തിരുവനന്തപുരം,തീയ്യതി 12.02.2015

## സർക്കുലർ

വിഷയം - തസ്വഭവ- പെർഫോമൻസ് ഓഡിറ്റ് -ഡബിൾ എൻട്രി അക്കൗണ്ടിംഗ്-ബാങ്ക് ബുക്കുകൾ, ബാങ്ക്/ട്രഷറി സ്റ്റേറ്റ്മെന്റുകൾ, സുലേഖ എന്നിവയിൽ വന്നിട്ടുള്ള പൊരുത്തക്കേടുകൾ- ഒറ്റത്തവണ തീർപ്പാക്കൽ - സംബന്ധിച്ച്

സൂചന –22.08.2014 ലെ സ.ഉ.(ആർ.ടി) നം. 2190/2014/തസ്വഭവ

കേരളത്തിലെ തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളിലെ അക്കൗണ്ടിംഗ് പ്രവർത്തനങ്ങൾക്കായി അക്രൂവൽ അടിസ്ഥാനമാക്കിയ ഡബിൾ എൻട്രി അക്കൗണ്ടിംഗ് സമ്പ്രദായം, സാംഖ്യ എന്ന സോഫ്റ്റ്‌വെയർ ഉപയോഗിച്ച് വിജയകരമായി നടപ്പിലാക്കിയിട്ടുണ്ട്. ദൈനംദിന അക്കൗണ്ടിംഗ് പ്രവർത്തനങ്ങൾ സാംഖ്യയിലൂടെ നിർവ്വഹിക്കുന്നതിന് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ ശാക്തീകരിക്കപ്പെട്ടു കഴിഞ്ഞു. എന്നിരുന്നാലും ചില പഞ്ചായത്തുകളുടെ ബാങ്ക്/ട്രഷറി അക്കൗണ്ടുകളിലെ പ്രാരംഭ ബാക്കിയും, സാംഖ്യ, സുലേഖ എന്നീ സോഫ്റ്റ്‌വെയറുകളിൽ നിന്നും ലഭ്യമായ കണക്കുകളുമായി പൊരുത്തപ്പെടാത്തതായി കാണുന്നുവെന്നും, പ്രസ്തുത പൊരുത്തക്കേടുകൾ പരിഹരിക്കുന്നതിന് പഞ്ചായത്തുകൾക്ക് അവസരം നല്കണമെന്നും കാണിച്ചുകൊണ്ട് നിരവധി നിവേദനങ്ങൾ വിവിധ പഞ്ചായത്തുകളിൽ നിന്നും സർക്കാരിൽ ലഭിച്ചിട്ടുണ്ട്.

കേരളത്തിലെ പഞ്ചായത്തുകളിൽ നടപ്പിലാക്കിയ സാംഖ്യ സോഫ്റ്റ്‌വെയർ ഉപയോഗിച്ചുകൊണ്ടുള്ള ഡബിൾ എൻട്രി അക്കൗണ്ടിംഗ് സമ്പ്രദായം കാര്യക്ഷമമാക്കുന്നതിനും പഞ്ചായത്ത് തലത്തിൽ പരിഹിക്കപ്പെടാവുന്ന സാങ്കേതികമോ അക്കൗണ്ടിംഗ് സംബന്ധിച്ചതോ ആയ പ്രശ്നങ്ങൾ വേഗത്തിൽ പരിഹരിക്കുന്നതിനും വേണ്ടി സൂചന ഉത്തരവ് പ്രകാരം നിലവിൽ വന്ന സാംഖ്യ സപ്പോർട്ട് സെല്ലിന്റെ സംസ്ഥാനതല യോഗം പഞ്ചായത്ത് അക്കൗണ്ട്സിന്റെ നിലവിലെ സ്ഥിതി ചർച്ച ചെയ്യുകയും പല പഞ്ചായത്തുകളിലെയും സ്വയം തീർപ്പാക്കാൻ കഴിയാത്ത താഴെപ്പറയുന്ന അപാകതകൾ ഉള്ളതായി കണ്ടെത്തുകയും ചെയ്തു.

1. പഞ്ചായത്തുകളിലെ വിവിധ ബാങ്ക്/ട്രഷറി അക്കൗണ്ടുകളും, ബാങ്ക്/ട്രഷറി സ്റ്റേറ്റ്മെന്റുകളുമായി പൊരുത്തപ്പെടുത്താൻ കഴിയുന്നില്ല.

2. വിവിധ പദ്ധതികൾക്കായി മുൻ കാലങ്ങളിൽ ലഭിച്ച തുക വിവിധ അക്കൗണ്ടുകളിൽ നോൺ-ഓപ്പറേറ്റിംഗ് ആയി കിടക്കുന്നു.

3. കേന്ദ്രാവിഷ്കൃത പദ്ധതികൾക്ക് ലഭിച്ച തുകകളുടെയും സംയോജിത പദ്ധതികൾക്കായി മറ്റു പഞ്ചായത്തുകളിൽ നിന്ന് ലഭിച്ച തുകകളുടെയും പ്രാരംഭ ബാക്കികളുടെ കൃത്യത ലഭ്യമല്ല.

ഈ അപാകതകൾ പരിഹരിക്കുവാൻ എല്ലായ്പ്പോഴും ഡാറ്റാബേസ് ഐ.കെ.എം.ന് അയച്ചുകൊടുക്കുന്നത് പ്രായോഗികമല്ലാത്തതിനാൽ ഒരു 'ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി'യിലൂടെ അപാകതകൾ പരിഹരിക്കുന്നതിന് പഞ്ചായത്തുകൾക്ക് അവസരം നല്കുന്നത് ഉചിതമായിരിക്കുമെന്ന് അഭിപ്രായപ്പെടുകയുണ്ടായി.

സർക്കാർ ഈ വിഷയം വിശദമായി പരിശോധിക്കുകയുണ്ടായി. പഞ്ചായത്തുകളിൽ അക്കൗണ്ട്സ് സംബന്ധമായി നിലനില്ക്കുന്ന പ്രശ്നങ്ങളുടെ യഥാർത്ഥ ചിത്രം ലഭിക്കുന്നതിനായി അനുബന്ധമായി ചേർത്തിരിക്കുന്ന പ്രൊഫോർമകളിൽ വിവര ശേഖരണം നടത്തുന്നതിനും അതിന്റെ അടിസ്ഥാനത്തിൽ ആവശ്യമെങ്കിൽ ഒരു ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതിയിലൂടെ അക്കൗണ്ട്സ് സംബന്ധമായ അപാകതകൾ പരിഹരിക്കുന്നതിന് ഒരവസരം പഞ്ചായത്തുകൾക്ക് നല്കുന്നതുമാണ്.

ആയതിനാൽ, അക്കൗണ്ട്സ് സംബന്ധിച്ച് അപാകതകൾ ഉള്ള ഗ്രാമ പഞ്ചായത്തുകൾ അനുബന്ധം 1 മുതൽ 5 വരെയുള്ള പ്രൊഫോർമകളിൽ അതു സംബന്ധിച്ച വിവരങ്ങൾ രേഖപ്പെടുത്തി പെർഫോമൻസ് ഓഡിറ്റ് സൂപ്പർ വൈസറുടെ സാക്ഷ്യപത്രത്തോടുകൂടി, ജില്ലാ തല സാംഖ്യ സപ്പോർട്ട് സെൽ കൺവീനർ /കോ-കൺവീനർ /അംഗങ്ങൾ മുഖാന്തിരം സംസ്ഥാനതല സാംഖ്യ സപ്പോർട്ട് സെല്ലിന് സമർപ്പിക്കേണ്ടതും സോഫ്റ്റ്കോപ്പി sankhyahelpdesk@gmail.com എന്ന മെയിലിൽ അയക്കേണ്ടതുമാണ്.

ജയിംസ് വർഗ്ഗീസ്
ഗവൺമെന്റ് പ്രിൻസിപ്പൽ സെക്രട്ടറി

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം

ഡയറക്ടർ, സംസ്ഥാന ഓഡിറ്റ് വകുപ്പ് , തിരുവനന്തപുരം

സ്റ്റേറ്റ് പെർഫോമൻസ് ഓഡിറ്റ് ഓഫീസർ, തിരുവനന്തപുരം

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്/എൽ.ബി.എ)

അക്കൗണ്ടന്റ് ജനറൽ (എൽ.ബി.എ/ഓഡിറ്റ്)

എക്സിക്യൂട്ടീവ് ചെയർമാൻ, ഐ.കെ.എം., തിരുവനന്തപുരം

(വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)

എല്ലാ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർമാർക്കും
എല്ലാ പഞ്ചായത്ത് അസിസ്റ്റന്റ് ഡയറക്ടർമാർക്കും
എല്ലാ ജില്ലാതല സാംഖ്യ സപ്പോർട്ട് സെൽ കൺവീനർമാർക്കും
(ഡി.ഡി.പി. മുഖേന)

എല്ലാ പെർഫോമൻസ് ഓഡിറ്റ് സൂപ്പർവൈസർമാർക്കും (എ.ഡി.പി. മുഖേന)

എല്ലാ പഞ്ചായത്ത് സെക്രട്ടറിമാർക്കും (പഞ്ചായത്ത് ഡയറക്ടർ മുഖേന)

കരുതൽ ഫയൽ /ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

**RECTIFICATION OF SAANKHYA ACCOUNTS**
**FORM 1**
**FORM FOR REPORTING DIFFERENCE IN PANCHAYAT ACCOUNTS AND TREASURY ACCOUNTS as on 31/3/2014**

| | **VPFA1** | **VPFA2(a)** | **VPFA3** | | **VPFA4** | **VPFA5** | **VPFA6 (2b)** | **VPFA7 (2c)** |
|---|---|---|---|---|---|---|---|---|
| | GEN.PURPOSE FUND | Dev.Fund Gen | Maint-Fund Road | Maint-Fund Non Road | CFC | WORLD BANK | SCP | TSP |
| **Ledger balance** | | | | | | | | |
| **Joint venture project amount deposited** | | | | | | | | |
| **Total** | | | | | | | | |
| **Bank book balance** | | | | | | | | |
| **Treasury balance** | | | | | | | | |
| **Balance in Sulekha** | | | | | | | | |
| **Reason for difference** | | | | | | | | |

സാംഖ്യ ബാങ്ക്ബുക്കുകൾ, സുലേഖ, ട്രഷറി/ബാങ്ക് സ്റ്റേറ്റ്മെന്റുകൾ എന്നിവയിലെ 31.03.2014 ലെ നീക്കിയിരിപ്പ് എഴുതുക

ഫാറം 2

| LIST OF NON OPERATING TREASURY ACCOUNTS INCLUDED IN SAANKHYA ACCOUNTS | | | | |
|---|---|---|---|---|
| NAME AND CODE OF TREASURY ACCOUNT AS ENTERED IN SAANKHYA | OPENING BALANCE AT THE BEGINNING OF SAANKHYA | CLOSING BALANCE AS ON 30.11.2014 | *WHEATHER TREASURY ACCOUNT IS OPERATIVE OR NOT- TILL 30.11.2014 | REMARKS |
| | | | | |
| | | | | |
| | | | | |
| | | | | |
| | | | | |

നോൺ ഓപ്പറേറ്റിംഗ് ആയിട്ട് കിടക്കുന്ന ട്രഷറി അക്കൗണ്ടുകളുടെ വിവരങ്ങൾ വിശദമായി ഇവിടെ ചേർക്കുക

ഫാറം 3

| LIST OF NON OPERATING BANK ACCOUNTS INCLUDED IN SAANKHYA ACCOUNTS | | | | | | |
|---|---|---|---|---|---|---|
| NAME AND CODE OF BANK ACCOUNT AS ENTERED IN SAANKHYA | OPENING BALANCE AT THE BEGINNING OF SAANKHYA | CLOSING BALANCE AS ON 30.11.2014 | WHETHER BANK STATEMENT RECEIVED UP TO 30.11.2014 | NO OF TRANSACTIONS MADE FROM THE BEGINNING OF SAAMKHYA (IN THIS ACCOUNT) | NAME OF SCHEME/FUND | REMARKS |
| | | | | | | |
| | | | | | | |
| | | | | | | |
| | | | | | | |

നോൺ ഓപ്പറേറ്റിംഗ് ആയിട്ട് കിടക്കുന്ന ബാങ്ക് അക്കൗണ്ടുകളുടെ വിവരങ്ങൾ വിശദമായി ഇവിടെ ചേർക്കുക

ഫാറം 4

DETAILS OF Cheques/DDs RECEIVED BEFORE 31.3.2014 BY THE PANCHAYAT BUT NOT COLLECTED TILL DATE

| NAME OF BANK'TREASURY ACCOUNT | CHEQUE NO &NAME OF BANK | DATE OF RECEIPT | AMOUNT | REMARKS | |
|---|---|---|---|---|---|
| | | | | | |
| | | | | | |
| | | | | | |
| | | | | | |
| | | | | | |

## ഫാറം 5

| Sl. No. | Schemes | OB in Saankhya | Actual OB | Remarks |
|---|---|---|---|---|
| 1 | Centrally sponsored scheme-Anganwadi Nutrition | | | |
| 2 | Joint venture projects-Block share-Normal | | | |
| 3 | Joint venture projects-Block share-SCP | | | |
| 4 | Joint venture projects-Block share-TSP | | | |
| 5 | Joint venture projects-District Panchayat share-Normal | | | |
| 6 | Joint venture projects-District Panchayat share-SCP | | | |
| 7 | Joint venture projects-District Panchayat share-TSP | | | |
| 8 | Joint venture projects-Other LSGIs share-normal | | | |
| 9 | Joint venture projects-Other LSGIs share-SCP | | | |
| 10 | Joint venture projects-Other LSGIs share-TSP | | | |
| | | | | |
| | | | | |

01/04/2014 ൽ ഉള്ള പ്രാരംഭ ബാക്കികൾ ഇവിടെ ചേർക്കുക